## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 636    13/01/2021-ൽ മറുപടിക്ക്

# മുടപ്പല്ലൂർ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് മാറ്റം

| | ചോദ്യം<br><br>ശ്രീ.കെ.ഡി.പ്രസേനൻ | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ആലത്തൂർ താലൂക്കിലെ മുടപ്പല്ലൂരിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അവിടെ നിന്ന് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ; | (എ) | മുടപ്പല്ലൂർ സെക്ഷൻ ഓഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്ന് മാറുന്നത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി) | മുടപ്പല്ലൂരിൽ നിന്നും പ്രസ്തുത ഓഫീസ് മാറ്റുകയാണെങ്കിൽ മേലാർകോട് പഞ്ചായത്തിലെ ഉപഭോക്താക്കൾ നേരിടാൻ സാധ്യതയുള്ള യാത്രാ ക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസ് ഇപ്പോൾ നിലനിൽക്കുന്ന സ്ഥലത്തോ അല്ലെങ്കിൽ എല്ലാവർക്കും എത്തിച്ചേരാൻ സൗകര്യമുള്ള മേലാർകോട്ടിലോ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ? | (സി) | മുടപ്പല്ലൂർ സെക്ഷൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആലത്തൂർ അസംബ്ലി നിയോജകമണ്ഡലം എം.എൽ.എ-യുടെയും മേലാർകോട് ഗ്രാമ പഞ്ചായത്തിന്റെയും പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. സെക്ഷൻ മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. കെട്ടിടം മാറേണ്ട സാഹചര്യമുണ്ടായാൽ എം.എൽ.എ അടക്കമുള്ള ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ